(ഡി) ഈ വിഷയത്തിൽ കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ അംഗീകാരം നേടുന്നതിന് നാദാപുരം ഏരിയാ ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന പേരിൽ ഒരു സ്പെഷ്യൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇല്ല. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിക്കുകയും പ്രോജക്ടിന്റെ വായ്പാ, ഗ്രാന്റ് എന്നിവയുടെ അനുപാതത്തിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് ഭേദഗതി വരുത്തി സമർപ്പിക്കുന്നതിന് കോഴിക്കോട് ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ഡി) പ്രോജക്ട് ഭേദഗതിവരുത്തി കാലതാമസം കൂടാതെ നൽകുവാൻ കോഴിക്കോട് ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

1998-ലെ വ്യാപാരി വ്യവസായി ഏകോപന സമിതിസമരം

70 [1646] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന സമരത്തോടനുബന്ധിച്ച് ഏതെങ്കിലും ജനപ്രതിനിധിക്ക് പോലീസ് മർദ്ദനം ഏറ്റിരുന്നോ;

(ബി) പ്രസ്തുത കേസ് പുനരന്വേഷണത്തിനായി കോടതി ഉത്തരവിട്ടിരുന്നോ; എങ്കിൽ എന്നാണ് ഉത്തരവിട്ടത്;

(സി) ഇത് സംബന്ധിച്ച് സർക്കാർ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly